(സി) നഷ്ടപരിഹാരത്തുക അനുവദിക്കപ്പെട്ടവരുടെ പേരുവിവരവും സംഖ്യയും എത്രയാണെന്ന് അറിയിക്കാമോ;

(ഡി) അനുവദിച്ച തുക ഇവർക്ക് നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച വിശദമായ വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. †

(സി) തുക അനുവദിച്ചിട്ടില്ല. തുക അനുവദിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) തുക നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തിവരുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

87 [2056] ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടുത്ത കാലത്ത് വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ഉണ്ടായിട്ടുള്ള ഉരുൾപൊട്ടൽമൂലം കൃഷിഭൂമി നശിച്ചവർക്ക് വീണ്ടും ഭൂമി കാർഷികയോഗ്യമാക്കുവാൻ ആവശ്യമായ സഹായം നൽകാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

നിലവിലുള്ള താരിഫ് അനുസരിച്ച് ആകെ 1,20,620 രൂപ നഷ്ടപരിഹാരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുട്ടനാട്ടിലെ കർഷകർക്ക് ധനസഹായം

88 [2057] ശ്രീ. കെ. സി. വേണുഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പുവെള്ളം കയറിയതുമൂലം കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്താണ് കാരണമെന്നു അറിയിക്കാമോ; ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly